"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്- ജീവനക്കാര്യം - ശ്രീ.അദ്വൈത് എസ്.എസ്. മൂന്നാം തരം ഓവർ സീയർ , നിരത്ത് സെക്ഷൻ കാര്യാലയം, ഇരിക്കൂർ - പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.529/2024/PWD തീയതി, തിരുവനന്തപുരം, 25-05-2024

---

പരാമർശം:-
1. ശ്രീ.അദ്വൈത് എസ്.എസ്. ന്റെ 24/11/2023 ലെ അപേക്ഷ
2. പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 04/02/2024, 22/05/2024 തീയതികളിലെ ഇബി5/1117/2024-EB5 നം കത്തുകൾ.

**ഉത്തരവ്**

പൊതുമരാമത്ത് വകുപ്പ് ഇരിക്കൂർ നിരത്ത് സെക്ഷൻ കാര്യാലയത്തിലെ മൂന്നാം തരം ഓവർസീയറായി സേവനമാരംഭിച്ച ശ്രീ.അദ്വൈത് എസ്.എസ് ന് കാഞ്ഞങ്ങാട് സ്വാമി നിത്യാനന്ദ പോളിടെക്നിക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് ചെയ്യുന്നതിനായി 01/12/2023 മുതൽ 31/05/2024 വരെ 6 മാസത്തെ ശൂന്യവേതനാവധി അനുവദിക്കണമെന്ന പരാമർശം 1 പ്രകാരമുള്ള അപേക്ഷ പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ, പരാമർശം 2 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

[2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് വകുപ്പ്ഇരിക്കൂർ നിരത്ത് സെക്ഷൻ കാര്യാലയത്തിലെ മൂന്നാം തരം ഓവർസീയറായി സേവനമാരംഭിച്ച ശ്രീ.അദ്വൈത് എസ്.എസ് ന് കാഞ്ഞങ്ങാട് സ്വാമി നിത്യാനന്ദ പോളിടെക്നിക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് ചെയ്യുന്നതിനായി KSR ഭാഗം 1 അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി 01/12/2023 മുതൽ 31/05/2024 വരെ 6 മാസത്തെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

[3] അവധി സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന്റെ സേവന പുസ്തകത്തിൽ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ രേഖപ്പെടുത്തേണ്ടതും, ടിയാന്റെ സേവനകാര്യത്തിൽ KSR ഭാഗം 1 അനുബന്ധം XII B യിലെ വ്യവസ്ഥകൾ കൃത്യമായും പാലിക്കുന്നുണ്ടെന്നുള്ള കാര്യം ഉറപ്പു വരുത്തേണ്ട തുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിസി മോൾ. ഇ
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ(ഭരണം), പൊതുമരാമത്ത് വകുപ്പ് , തിരുവനന്തപുരം.

ശ്രീ.അദ്വൈത് എസ്.എസ്, മൂന്നാം ഗ്രേഡ് ഓവർസീയർ, നിരത്ത് സെക്ഷൻ കാര്യാലയം, ഇരിക്കൂർ

ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ , തിരുവനന്തപുരം

കരുതൽ ഫയൽ./ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sreelekha R
സെക്ഷൻ ഓഫീസർ
Date: 25-05-2024 16:48:03